ആക്ട് 6 (3) വകുപ്പ് എന്നിവ ഭേദഗതി ചെയ്തുകൊണ്ട് ത്രിതല പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നിലവിലുള്ള ആകെ സ്ഥാനങ്ങളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നവിധത്തിൽ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

	നിലവിലുള്ളത്	*വർദ്ധിക്കുന്നത്*
ഗ്രാമ പഞ്ചായത്ത്	10-20	12-22
ബ്ലോക്ക് പഞ്ചായത്ത്	10-20	12-22
ജില്ലാ പഞ്ചായത്ത്	15-30	16-32
മുനിസിപ്പാലിറ്റി	20-50	22-50
കോർപ്പറേഷൻ	50-100	52-100

വാർഷിക പദ്ധതിയുടെ അടങ്കൽ തുക

*25 [25] ശ്രീ. ടി. പി. രാമകൃഷ്ണൻ:

ഡോ. തോമസ് ഐസക്:

ശ്രീ. പി. സി. ജോർജ്:

,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-2006-ലെ വാർഷിക പദ്ധതിയുടെ അടങ്കൽ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) വിവിധ മേഖലകളിൽ ചെലവഴിക്കേണ്ട തുകയുടെ കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഓരോ മേഖലയിലും നീക്കിവച്ചിട്ടുള്ള തുക എത്രവീതമെന്ന് വെളിപ്പെടുത്തുമോ;

(സി) 2004-2005 വാർഷിക പദ്ധതിയുടെ അടങ്കൽ തുക എത്രയായിരുന്നു; പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച അടങ്കൽ എത്രയായിരുന്നു; ഇതിൽ എത്ര കോടി രൂപ ചെലവഴിച്ചു;

(ഡി) 2001-2002, 2002-2003, 2003-2004, 2004-2005 എന്നീ വർഷങ്ങളിലെ വാർഷിക പദ്ധതിയുടെ അടങ്കൽ എത്ര വീതമായിരുന്നു;

(ഇ) ഓരോ വർഷവും പദ്ധതിയുടെ തുകയിൽ എന്തു തുക വീതം വെട്ടിക്കുറച്ചു; ഇത് എത്ര ശതമാനം വീതമാണ്; ഓരോ വാർഷിക പദ്ധതിക്കാലത്തും ചെലവഴിച്ച തുക എത്രവീതമാണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) നിശ്ചയിച്ചിട്ടുണ്ട്. (2004 ഡിസംബർ 20-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്ലാനിംഗ് കമ്മീഷൻ ഉപാദ്ധ്യക്ഷനുമായുള്ള ചർച്ചയിൽ) 2005-2006-ലെ സംസ്ഥാന വാർഷിക പദ്ധതി അടങ്കൽ 5369 കോടി രൂപയായിരിക്കുമെന്ന് നിശ്ചയിച്ചിട്ടുണ്ട്.

(ബി) തീരുമാനമെടുത്തിട്ടുണ്ട്. ബഡ്ജറ്റിനോടൊപ്പം അവതരിപ്പിക്കുന്നതാണ്.

(സി) 2004-2005 വർഷത്തേയ്ക്ക് സംസ്ഥാനം തയ്യാറാക്കിയ വാർഷിക പദ്ധതിയുടെ അടങ്കൽ 4800 കോടി രൂപയായിരുന്നു. എന്നാൽ 52.03 കോടി രൂപയ്ക്കുള്ള പ്രത്യേക മുൻഗണനാ സ്കീമുകൾ ഉൾപ്പെടെ പ്ലാനിംഗ് കമ്മീഷൻ സംസ്ഥാനത്തിനുവേണ്ടി അംഗീകരിച്ച 2004-2005-ലെ വാർഷിക പദ്ധതി അടങ്കൽ 4852.03 കോടി രൂപയാണ്. ഇതിൽ 2004 ഡിസംബർ 31 വരെ 2200.11 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഓരോ വർഷത്തേയും പദ്ധതി അടങ്കൽ ചുവടെ ചേർക്കുന്നു:

വർഷം	*പദ്ധതി അടങ്കൽ (രൂപ കോടിയിൽ)*
2001-2002	3015.00
2002-2003	4026.00
2003-2004	4430.25
2004-2005	4852.03

(ഇ) വിശദവിവരം ചുവടെ ചേർക്കുന്നു:

വർഷം	പദ്ധതിയിൽ വെട്ടിക്കുറച്ച തുക (രൂപ കോടിയിൽ)	ശതമാനം	ചെലവഴിച്ച തുക (രൂപ കോടിയിൽ)
2001-2002	755	25	2531
2002-2003	601	15	3943.99
2003-2004	634.02	15	3557.42
2004-2005	..	15(#)	2200.11 (2004 ഡിസംബർ 31 വരെയുള്ള കണക്ക്)

2004-2005 വാർഷിക പദ്ധതി അടങ്കലിൽ 15 ശതമാനത്തിന്റെ കുറവ് വരുത്തുവാൻ തീരുമാനിച്ചു. അനന്തര നടപടികൾ തുടർന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly